മായിരുന്നു അഞ്ചാമത്തേത്. ഈ എല്ലാ ഭയാനകമായ ഘട്ടങ്ങളിൽനിന്നും നബി(സ) രക്ഷപ്പെട്ടതും, ആ എല്ലാ ശത്രുക്കളുടേയുംമേൽ അവസാനം വിജയം വരിച്ചതും വാസ്തവത്തിൽ അവിടന്ന് സത്യവാനായിരുന്നു എന്നതിനും അല്ലാഹു അവിടത്തോടൊപ്പം ഉണ്ടായിരുന്നു എന്നതിനും പ്രബലമായ തെളിവാണ്.

ശഅ്ബ് അബീത്വാലിബിൽനിന്ന് പുറത്തുവന്ന് കുറച്ചുകഴിഞ്ഞപ്പോൾ ഹസ്റത്ത് അബൂത്വാലിബും ഹസ്റത്ത് ഖദീജായും വഫാത്തായി. ഈ രണ്ടു വ്യക്തികളേയും ഖുറയ്ശികൾ കുറച്ചൊക്കെ ആദരിച്ചിരുന്നു. അബൂത്വാലിബ് ഒരു മഹാനായതുകൊണ്ടും ഖദീജ സമ്പന്നയായ കാരണത്താലും അവർക്ക് കുറേ സ്വാധീനം അവിടെ ഉണ്ടായിരുന്നു. അവരുടെ വഫാത്തിനുശേഷം, എന്തുവന്നാലും നബി(സ)യെ വധിക്കണമെന്നുള്ള നിശ്ചയത്തിൽ ഖുറയ്ശികൾ ഉറച്ചുനിന്നു. ഇനി തങ്ങൾക്ക് കൂടുതൽ സഹിക്കാൻ പറ്റുകയില്ല. ബനുഹാശിം പകരം വീട്ടാതിരിക്കുന്നതിനായി നേതാക്കരായ നമ്മളെല്ലാം മുഹമ്മദിനെ വധിക്കുന്ന കാര്യത്തിൽ പങ്കെടുക്കണമെന്ന് എല്ലാ നേതാക്കന്മാരുംകൂടി തീരുമാനിച്ചു. എല്ലാ നേതാക്കന്മാരും സംഘടിക്കുമ്പോൾ അതിനെ നേരിടുക ഹാശിം ഗോത്രത്തിന് പ്രയാസമായിരിക്കും.

നബി(സ) തിരുമേനിക്ക് ഈ ഗൂഢാലോചനയെക്കുറിച്ച് അറിവ് കിട്ടി. അവിടന്ന് അല്ലാഹുവിന്റെ അനുവാദത്തോടെ ഹിജ്റത്ത് ചെയ്യാൻ തീരുമാനിച്ചു. ഈ വധം ആസൂത്രണം ചെയ്തതിനെക്കുറിച്ചാണ് അതികഠിനമായ ഘട്ടമായിരുന്നു അതെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത്. അതാണ് ഞാൻ അദ്ദേഹത്തിന്റെ വാക്കുകളിൽ കേൾപ്പിച്ചത്.

ഖുറയ്ശികൾ നബിയുടെ വീട് വളഞ്ഞുകഴിഞ്ഞിരുന്നു. ഖുറയ്ശീനേതാക്കളെല്ലാം വാൾ ഊരിപ്പിടിച്ച് നിലയുറപ്പിച്ചിരുന്നു. പക്ഷേ, അല്ലാഹു ഏറ്റവും കൂടുതൽ ആ നബിയെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നുവെന്ന കാര്യം ആ വിഡ്ഢികൾക്കറിയില്ലായിരുന്നു. ആ സത്യനിഷേധികൾ ഇതിനു മുമ്പും നിരവധി സംഭവങ്ങൾ കണ്ടുകഴിഞ്ഞിട്ടുള്ളവരാണ്. അവർ അതിന് സാക്ഷികളുമായിരുന്നു. പക്ഷേ, എന്നിട്ടും അവർക്ക് ബുദ്ധി ഉദിച്ചിരുന്നില്ല. അബൂജഹ്ലായിരുന്നു ഇതിന്റെയെല്ലാം പിന്നിൽ പ്രവർത്തിച്ചിരുന്നത്. കുറച്ചുകാലം മുമ്പേ, നബി(സ) തിരുമേനി ഒരു കച്ചവടക്കാരന്റെ അവകാശം നേടിക്കൊടുക്കുന്നതിനുവേണ്ടി അബൂജഹ്ലിന്റെ വീട്ടുപടിക്കൽ പോയതും, അപ്പോൾ അയാൾ കണ്ട കാഴ്ചയും അയാൾ മറന്നുപോയി. നബിയെ സഹായിക്കാൻ രക്തക്കൊതിയരായ രണ്ട് ഒട്ടകം വലതും ഇടതും നില്ക്കുന്നത് അയാൾ കണ്ടതാണ്. അക്കാരണത്താൽ, നബി(സ) പറഞ്ഞത് അയാൾ ഉടനെ അനുസരിക്കുകയും ആ കച്ചവടക്കാരന് കൊടുക്കാനുള്ള തുക എടുത്തുകൊടുക്കുകയും ചെയ്തു.

ഗൂഢപദ്ധതി ആസൂത്രണം ചെയ്തുകൊണ്ട് എല്ലാവരും ചേർന്ന് നബി(സ)യുടെ വീട് വളഞ്ഞപ്പോൾ, അവിടന്ന് തന്റെ കയ്യിലുണ്ടായിരുന്ന അമാനത്തുകൾ ഹസ്റത്ത് അലിയെ ഏല്പിക്കുകയും അത് അതിന്റെ അവകാശികൾക്ക് തിരിച്ചുകൊടുത്തുകൊണ്ട് രാവിലെ വരണമെന്ന് പറയുകയും ചെയ്തു. എന്നിട്ട് തന്റെ കിടക്കയിൽ വന്നുകിടക്കണമെന്നും, അഥവാ സത്യനിഷേധികൾ എത്തിനോക്കിയാൽ തന്നെ താൻ കിടക്കുകയാണെന്ന് അവർക്ക് തോന്നണമെന്നും പറഞ്ഞു. ഇതിനുശേഷം അവിടന്ന് ഹിജറ ചെയ്യാനുള്ള തയ്യാറെടുപ്പുകൾ നടത്തി. താങ്കൾക്ക് എന്തെങ്കിലും ഹാനി വരുത്താൻ ശത്രുക്കൾക്ക് കഴിയുകയില്ലെന്നും അവിടന്ന് അലിയോട് പറഞ്ഞു. തന്നെക്കുറിച്ചുമാത്രമല്ല തന്നെ വിശ്വസിക്കുന്നവരെക്കുറിച്ചും ഈ ദൃഢവിശ്വാസമായിരുന്നു നബി(സ)യ്ക്കുണ്ടായിരുന്നത്. ഇവർ സത്യവിശ്വാസികളാണെന്നും, ഇന്ന് അല്ലാഹുവിന്റെ ഒരു ദൃഷ്ടാന്തം വെളിപ്പെടേണ്ടതുണ്ടെന്നും, അല്ലാഹുവിന്റെ സഹായത്തിന്റേയും പിന്തുണയുടേയും മഹത്തായ കാഴ്ച കാണേണ്ടതുണ്ടെന്നും അതിനാൽ, എന്റെ ദീനിൽ തികഞ്ഞ നിലയിൽ വിശ്വസിച്ചിട്ടുള്ള ഏ, അലീ പേടിക്കാതിരിക്കുക. ശത്രുവിന് നിന്നെ ഒന്നും ചെയ്യാൻ കഴിയുകയില്ല എന്ന് പറഞ്ഞുകൊണ്ട് അവിടന്ന് അനായാസം ആ ശത്രുക്കളുടെ ഇടയിലൂടെ പുറപ്പെട്ടുപോയി. വെളിയിൽ ശത്രുക്കൾ നില്ക്കുന്നുവെന്നും, പിടിക്കപ്പെട്ടാൽ എന്തും സംഭവിക്കാമെന്നുമുള്ള ഭയമോ ചിന്തയോ ഒന്നും ഉണ്ടായിരുന്നില്ല. പിടിക്കപ്പെടുമെന്നുള്ള ചിന്തയേ ഉണ്ടായിരുന്നില്ല. കാരണം അല്ലാഹുവിന്റെ ഇഷ്ടത്തോടും അനുവാദത്തോടും കൂടിയാണ് ഹിജ്റത്തിന് തയ്യാറായത്. അതുകൊണ്ട് അല്ലാഹു അവൻതന്നെ സംരക്ഷിക്കുമെന്നും ഓരോ ചുവടിലും സഹായിച്ചുകൊണ്ട് സുരക്ഷിതനാക്കി വയ്ക്കുമെന്നുമുള്ള ദൃഢവിശ്വാസത്താൽ അവിടത്തെ ഹൃദയം നിറഞ്ഞിരുന്നു. മക്കയിൽനിന്ന് പുറപ്പെട്ടുപോകുമ്പോൾ നബി(സ)ന് വലിയ വിഷമവും ദുഃഖവും ഉണ്ടായിരുന്നു. അവിടന്ന് പറഞ്ഞു.

“മക്ക! നീ എനിക്ക് ലോകത്തുവെച്ച് ഏറ്റവും പ്രിയങ്കരിയാണ്. എന്നാൽ നിന്റെ കുട്ടികൾ എന്നെ ഇവിടെ താമസിക്കാൻ അനുവദിക്കുന്നില്ല.” അങ്ങനെ

സൈന്യത്തിൽ പുതുവിശ്വാസിയും ഉൾപ്പെട്ടിരുന്നു. പക്ഷേ, ഈ പുതുതായി വന്നവരിൽ ഈമാനിന്റെ ബലഹീനതയും ഉണ്ടായിരുന്നു. അതുകൊണ്ട്, ആദ്യം നടന്ന ആക്രമണത്തിനുശേഷം പരാജയാവസ്ഥ ഉണ്ടാകാൻ തുടങ്ങി. പക്ഷേ, അല്ലാഹു വീണ്ടും തന്റെ വാഗ്ദാനമനുസരിച്ച് തന്റെ സഹായം ചെയ്തുകൊണ്ട്, ആ മാറിയ പരിതസ്ഥിതിയെ വീണ്ടും മുസ്ലിംകൾക്ക് അനുകൂലമാക്കി.

ഇവിടെ നിങ്ങളുടെ ആധിക്യമോ നിങ്ങളുടെ ബുദ്ധിയോ നിങ്ങളുടെ ശക്തിയോ ഒരിക്കലും വിജയിക്കുകയില്ലെന്നും സകല വിജയവും ഉണ്ടാകുന്നത് അല്ലാഹുവിന്റെ സഹായത്താലാണെന്നും അതുകൊണ്ട് എപ്പോഴും തന്നോട് സഹായം ചോദിക്കണമെന്ന് മുസ്ലിംകളോട് പറയാനും അല്ലാഹു ആഗ്രഹിച്ചു. നബി(സ) തിരുമേനി ഇത് നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. നബി(സ) തിരുമേനിയുടെ തണലിൽ ശിക്ഷണം ലഭിച്ച പഴയ സഹാബിമാരും ഇത് മനസ്സിലാക്കിയിരുന്നു. പുതിയതായി വന്നവർക്ക് ഇതറിയുമായിരുന്നില്ല.

ഞാൻ പറഞ്ഞതുപോലെ ചില ബലഹീന വിശ്വാസികളും ആ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. കാരണം മക്ക വിജയം ഉണ്ടായയുടനെതന്നെയാണ് ഈ യുദ്ധമുണ്ടായത്. മിക്കവരുടേയും ഈമാൻ ഉറച്ചിട്ടുണ്ടായിരുന്നില്ല. ശിക്ഷണവും അവർക്ക് ലഭിച്ചിരുന്നില്ല. പലരും ഹൃദയംകൊണ്ട് വിശ്വസിച്ചിരുന്നവരുമായിരുന്നില്ല. നബി(സ) തിരുമേനി എപ്പോഴും അല്ലാഹുവിനോടു ദുആ ചെയ്തുകൊണ്ടിരുന്നു. അതിന്റെ അവസ്ഥ നമുക്ക് ബദ്ർ യുദ്ധാവസരത്തിൽ കാണാൻ കഴിയും; എങ്ങനെയാണ് അവിടന്ന് വിലപിച്ച് വിലപിച്ച് അല്ലാഹുവിനോട് ദുആ ചെയ്തിരുന്നതെന്ന്. അവസാനം ഹസ്റത്ത് അബൂബക്കർ(റ)ന് ഇങ്ങനെ പറയേണ്ടിവന്നു- എന്തിനാണ് അങ്ങ് ഇത്രയധികം വിലപിക്കുന്നത്. എപ്പോഴും അങ്ങയെ സഹായിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതല്ലേ.

എന്തായാലും ഹുനൈൻ യുദ്ധത്തിൽ മുസ്ലിംകളുടെ ഈമാന്റെ ബലഹീനത പ്രകടമായിരുന്നു. അതിന്റെ ഫലം നഷ്ടരൂപത്തിൽ മുസ്ലിംകൾ കണ്ടു. നബി(സ) തിരുമേനിയെക്കുറിച്ച് ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ)ന് അല്ലാഹുവിന്റെ സഹായത്തിൽ ദൃഢവിശ്വാസമുണ്ടായിരിക്കെത്തന്നെ അവിടന്ന് ഓരോ യുദ്ധത്തിലും ദുആ ചെയ്തിരുന്നു. ദുആ ഒരിക്കലും ഉപേക്ഷിച്ചില്ല. യുദ്ധമുണ്ടാകുമ്പോഴോ, എന്തെങ്കിലും സൈനികനടപടി ആവശ്യമായിവരുമ്പോഴോ അവിടന്ന് എപ്പോഴും ദുആ ചെയ്യാറുണ്ടായിരുന്നു. ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) യുദ്ധം ചെയ്യുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു.

അല്ലാഹുവേ! നീ തന്നെയാണ് എന്റെ ആശ്രയം. നീ തന്നെയാണ് എന്റെ സഹായി. നീ തന്ന കഴിവുകൊണ്ടാണ് ഞാൻ യുദ്ധം ചെയ്യുന്നത്.

അവിടന്ന് എപ്പോഴും ദുആ ചെയ്യാറുണ്ടായിരുന്നു. എന്നാൽ, ഞാൻ പറഞ്ഞതുപോലെ ഈ യുദ്ധത്തിൽ (ഹുനൈൻ) ബലഹീനരായ വിശ്വാസികളെക്കൊണ്ട് മുസ്ലിംകൾക്ക് നഷ്ടം സഹിക്കേണ്ടിവന്നു. അല്ലാഹു വിശുദ്ധഖുർആനിൽ ഇതിനെക്കുറിച്ച് പറഞ്ഞു: (*9:25*)

لَقَدْ نَصَرَكُمُ اللَّهُ فِي مَوَاطِنَ كَثِيرَةٍ ۙ وَيَوْمَ حُنَيْنٍ ۙ
إِذْ أَعْجَبَتْكُمْ كَثْرَتُكُمْ فَلَمْ تُغْنِ عَنكُمْ شَيْئًا وَ
ضَاقَتْ عَلَيْكُمُ الْأَرْضُ بِمَا رَحُبَتْ ثُمَّ وَلَّيْتُم
مُّدْبِرِينَ ﴿٢٥﴾

തീർച്ചയായും അല്ലാഹു നിങ്ങളെ പല യുദ്ധരംഗങ്ങളിലും സഹായിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ഹുനൈൻ യുദ്ധ ദിവസവും. നിങ്ങളുടെ ആധിക്യം നിങ്ങളെ അഹംഭാവികളാക്കിത്തീർത്തപ്പോൾ. എന്നിട്ട് നിങ്ങൾക്ക് അത് (ആധിക്യം) പ്രയോജനമൊന്നും ചെയ്തില്ല. ഭൂമി വിസ്തൃതമായിരുന്നിട്ടും നിങ്ങൾക്ക് അത് ഇടുങ്ങിയതായിത്തീർന്നു. പിന്നീട് നിങ്ങൾ തിരിഞ്ഞു പിൻവാങ്ങുകയാണുണ്ടായത്.

നിങ്ങളുടെ ആധിക്യമോ ചില പുതുവിശ്വാസികളുടെ മനസ്സിലുണ്ടായ അഹങ്കാരമോ നിങ്ങൾക്ക് ഒട്ടും പ്രയോജനപ്പെട്ടില്ല. ആ നേരത്ത് ആദ്യത്തെ ആക്രമണം ജയിച്ചിട്ടും പരാജയത്തിൽ കലാശിച്ചു. പക്ഷേ, എപ്പോഴുമെന്നപോലെ അല്ലാഹുവിന്റെ സഹായമാണ് പ്രയോജനപ്പെട്ടത്. കാരണം തന്റെ റസൂലിനോടും സത്യവിശ്വാസികളോടും ഞാൻ നിങ്ങളെ സഹായിക്കുമെന്ന് അല്ലാഹുവിന്റെ വാഗ്ദാനമുണ്ടായിരുന്നു. ആദ്യത്തിലും, തുടർന്നും നടക്കുന്ന നിങ്ങളുടെ വിജയമെല്ലാം എന്റെ സഹായവും നബി(സ) തിരുമേനിയുടെ ദുആയും കൊണ്ടായിരിക്കുമെന്നും അത് ഞാൻ എപ്പോഴും സ്വീകരിക്കുമെന്നും അല്ലാഹു പറഞ്ഞു.

ഈ യുദ്ധത്തിലും അവസ്ഥ മാറുകയെന്നത് ആ സഹായത്തിന്റേയും ദുആയുടേയും ഫലമാണ്. അതിന്റെ ഫലമായി മുസ്ലിംകൾ അവസാനം

